(സി) അഡ്രെസ് മെമ്മോ ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തതുമൂലമുള്ള 2 ഒഴിവുകൾ ഉണ്ട്. അവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങൾ

42 [3420] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെയും ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങൾ ഇപ്പോൾ എങ്ങനെയാണു നടന്നുവരുന്നത്;

(ബി) ഇതിന്റെ ചുമതല പി. എസ്. സി.-യിൽനിന്നും മാറ്റി മറ്റേതെങ്കിലും ഏജൻസിയെ ഏല്പിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) ഇത്തരം നിയമനങ്ങൾ പി. എസ്. സി.-യെ തന്നെ ചുമതലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ നിയമനങ്ങൾ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമാണ് നടത്തുന്നത്. ഇവയിൽ നേരിട്ടുള്ള നിയമനം നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിൽ പി. എസ്. സി. മുഖേനയാണ് നിയമനം നടത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹെവി ഡ്യൂട്ടി ഡ്രൈവർ തസ്തികയിലെ നിയമനം

43 [3421] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെവി ഡ്യൂട്ടി ഡ്രൈവർ (ഹെവി ഡ്യൂട്ടി വെഹിക്കിൾസ്) തസ്തികയിലേക്കുള്ള നിയമനത്തിന് പി. എസ്. സി. ടെസ്റ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു;

(സി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടെസ്റ്റ് നടത്തിയിട്ടുണ്ട്. 2002-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 13 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(സി) രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ എൽ. ഡി. സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

44 [3422] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിരവധി ഒഴിവുകൾ ഉണ്ടായിരുന്നിട്ടും അവ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള ഒഴിവുകൾ എത്രയും വേഗത്തിൽ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

ലീവ് വേക്കൻസികളിലെ താൽക്കാലിക പ്രൊമോഷനുകൾ

45 [3423] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് താൽക്കാലിക പ്രമോഷൻ നൽകുന്നതിന് ഇപ്പോൾ നിരോധനമുണ്ടോ; എങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly